പ്ലാനിംഗ് കമ്മീഷന്റെ പദ്ധതി അടങ്കൽ

11 [717] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-02, 2002-03 സാമ്പത്തിക വർഷങ്ങളിൽ പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച പദ്ധതി അടങ്കൽ എത്രയെന്ന് വെളിപ്പെടുത്താമോ;

(ബി) പദ്ധതി അടങ്കൽ എത്ര തവണ സർക്കാർ വെട്ടിക്കുറച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ പദ്ധതി ഇനത്തിൽ എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ പദ്ധതി മുതൽമുടക്ക് കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) 2004-05 സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ പ്ലാൻ പദ്ധതിയാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും ഈ പദ്ധതിക്കാവശ്യമായ വിഭവ സമാഹരണം ഏത് മാർഗ്ഗത്തിലാണ് കണ്ടെത്തുന്നത് എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2001-02 വർഷത്തേക്ക് 3,015 കോടി രൂപയുടേയും 2002-03 വർഷത്തേക്ക് 4,026 കോടി രൂപയുടേയും സംസ്ഥാന അടങ്കലുള്ള പദ്ധതികളാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. ഈ പദ്ധതികൾക്ക് പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരം ലഭിച്ചിരുന്നു.

(ബി) പ്രസ്തുത വാർഷിക പദ്ധതികളുടെ അടങ്കൽ, പദ്ധതി നടത്തിപ്പിനാവശ്യമായ ധനവിഭവത്തിന്റെ ലഭ്യത കണക്കിലെടുത്ത് ഓരോ തവണ പുതുക്കി നിശ്ചയിച്ചു. 2001-02-ലെ പദ്ധതിയുടെ അടങ്കൽ 2,260 കോടി രൂപയായും 2002-03-ലേത് 3,425 കോടി രൂപയായുമാണ് പുതുക്കി നിശ്ചയിക്കപ്പെട്ടത്. ഇപ്രകാരം പുതുക്കി നിശ്ചയിച്ച അടങ്കലുകൾക്ക് ആസൂത്രണ കമ്മീഷന്റെ അംഗീകാരവും ലഭിച്ചിരുന്നു.

(സി) 2001-02-ൽ 2,531 കോടി രൂപയും 2002-03-ൽ 3943.99 കോടി രൂപയും സംസ്ഥാന പദ്ധതി ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ വിഭവ ലഭ്യതയ്ക്കനുസൃതമായി 2001-02, 2002-03 എന്നീ വർഷങ്ങളിൽ സംസ്ഥാന പദ്ധതി അടങ്കലിൽ കുറവു വരുത്തിയപ്പോഴും പ്രധാനപ്പെട്ട വികസന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, വിദേശ സഹായമുള്ള പദ്ധതികൾ എന്നിവയ്ക്കുള്ള വിഹിതത്തിൽ കുറവ് വരുത്തിയില്ല. ഈ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു.

കൂടാതെ സംസ്ഥാന സമ്പദ്ഘടനയുടെ വ്യത്യസ്ത മേഖലകളിലേക്ക് നിക്ഷേപം ആകർഷിക്കുന്നതിനുള്ള ഒരു സമീപനമാണ് വികസന രംഗത്ത് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി തൊഴിൽ നിയമ ഭേദഗതി, ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് എന്നിവ നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

തൽഫലമായി വിനോദ സഞ്ചാരം, വിവര സാങ്കേതിക വിദ്യ, വ്യവസായം, ശാസ്ത്ര-സാങ്കേതിക മേഖല എന്നീ രംഗങ്ങളിൽ വിദേശ/സ്വകാര്യ നിക്ഷേപം ഉൾപ്പെടെയുള്ള വർദ്ധിച്ച മുതൽമുടക്ക് സാദ്ധ്യമാകുന്നതാണ്.

തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ വായ്പ ലഭിക്കാൻ ഉതകുന്നവയ്ക്ക് മുൻതൂക്കം നൽകണമെന്ന് പത്താം പഞ്ചവൽസര പദ്ധതിയുടെ മാർഗ്ഗ രേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ വിവിധ മേഖലകളിൽ സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് വായ്പ ലഭ്യമാക്കുന്ന കാര്യത്തിൽ പ്രത്യേകം പരിഗണന നൽകണമെന്ന് ധനകാര്യ സ്ഥാപനങ്ങളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഇ) 2004-05 സാമ്പത്തിക വർഷത്തേക്ക് 4,800 കോടി രൂപ അടങ്കലുള്ള സംസ്ഥാന പദ്ധതിയാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിക്കാവശ്യമായ ധനവിഭവം, പൊതുസംരംഭങ്ങളുടെ വിഹിതം, പൊതുകടമെടുപ്പ്, ചെറുകിട സമ്പാദ്യ പദ്ധതി, പ്രോവിഡന്റ് ഫണ്ട് എന്നിവയിലൂടെ 2809.32 കോടി രൂപ സംസ്ഥാനവിഹിത മായും ബാക്കിയുള്ള 1990.68 കോടി രൂപ കേന്ദ്ര സഹായമായും സമാഹരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ

12 [718] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര കുടുംബങ്ങളാണ് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളതായി കണക്കാക്കിയിട്ടുള്ളത്;

(ബി) ഇതിൽ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്നവർ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ആകെ ജനസംഖ്യയുടെ എത്ര ശതമാനമാണ് ദാരിദ്ര്യ രേഖയ്ക്ക് താഴെ യുള്ളവരായി കണക്കാക്കപ്പെടുന്നത്;

(ഡി) ഇതിൽ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗത്തിൽപ്പെടുന്നവർ എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ പട്ടിക എത്ര വർഷം കൂടുമ്പോഴാണ് പരിഷ്കരിക്കാറുള്ളത്;

(എഫ്) ഈ മാനദണ്ഡങ്ങൾ അനുസരിച്ച് പട്ടിക പരിഷ്കരിക്കുമ്പോൾ ഇപ്പോൾ ദാരിദ്ര്യരേഖയ്ക്ക് താഴെ ഉൾപ്പെടുന്നവരിൽ ബഹുഭൂരിപക്ഷവും പട്ടികയ്ക്ക് വെളിയിലാവും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പ് 9-ാം പദ്ധതിക്കായി നടത്തിയ ദാരിദ്ര്യരേഖാ സെൻസസ് പ്രകാരം കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ 17.23 ലക്ഷം കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതായി കണക്കാക്കിയിട്ടുണ്ട്. 10-ാം പദ്ധതിക്കായി നടത്തിയ ദാരിദ്ര്യരേഖാ സെൻസസ് പൂർത്തിയായെങ്കിലും ദരിദ്ര കുടുംബങ്ങളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly